# പതിമൂന്നാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ : 490 02.07.2013 -ൽ മറുപടിക്ക്

**നിർമ്മിതി കേന്ദ്രം**

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. പാലോട് രവി :<br>ശ്രീ. ഐ.സി.ബാലകൃഷ്ണൻ :<br>ശ്രീ. കെ.മുരളീധരൻ :<br>ശ്രീ.പി.സി. വിഷ്ണുനാഥ് : | | ശ്രീ. കെ. എം. മാണി<br>(ധനകാര്യവും, നിയമവും, ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് നിർമ്മിതി കേന്ദ്രം പുനസംഘടിപ്പിക്കാനുദ്ദേ ശിക്കുന്നുണ്ടോ; വിശദമാക്കുമോ; | (എ) | നിലവിൽ സംസ്ഥാന നിർമ്മിതി കേന്ദ്രം പുനസംഘടിപ്പിക്കുന്നത് സംബന്ധിച്ച് യാതൊരു തീരുമാനവും കൈക്കൊണ്ടിട്ടില്ല. |
| (ബി) ഇതിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തെല്ലാമാണ് ; വിശദാംശങ്ങൾ എന്തെല്ലാം; | (ബി) | ചെലവ് കുറഞ്ഞ പാർപ്പിട സംസ്കാരം പ്രചരിപ്പിക്കുന്നതിനും നടപ്പിലാക്കുന്നതിനുമായി Travancore Cochin Literary Scientific and Charitable Societies Registration Act അനുസരിച്ച് രജിസ്റ്റർ ചെയ്തിട്ടുള്ള ഒരു സ്വയംഭരണ സ്ഥാപനമാണ് കേരള സംസ്ഥാന നിർമ്മിതി കേന്ദ്രം. |
| (സി) ഇതു വഴി എന്തെല്ലാം സൗകര്യങ്ങളാണ് ജനങ്ങൾക്ക് ലഭി ക്കുന്നത് ; വിശദമാക്കുമോ; | (സി) | 1. കെട്ടിട നിർമ്മാണ മേഖലയുമായി ബന്ധപ്പെട്ട ചെലവ് കുറഞ്ഞ സാങ്കേതിക വിദ്യകളിൽ ജനങ്ങൾക്ക് അവബോധം ഉണ്ടാക്കുന്നു.<br><br>2. ആവശ്യക്കാർക്ക് അത് ഉപയോഗിച്ചുള്ള നിർമ്മാണ പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടത്തി കൊടുക്കുന്നു.<br><br>3. കെട്ടിട നിർമ്മാണ വസ്തുക്കളുടെ ന്യായവില വിപണന കേന്ദ്രം (കലവറ) വഴി ബി.പി.എൽ ഗുണഭോക്താക്കൾക്ക് 15% |

സൗജന്യ നിരക്കിൽ സിമെന്റ്, കമ്പി എന്നിവ നൽകി വരുന്നു.

4. നിർമ്മാണ സാമഗ്രികളുടെ ഗുണ നിലവാരം ഉറപ്പ് വരുത്തുന്നതിനായി പരിശോധനശാലകൾ നടത്തുന്നു.

5. തൊഴിൽ രഹിതരായ യുവതീ യുവാക്കൾക്ക് കെട്ടിട നിർമ്മാണ മേഖലയുമായി ബന്ധപ്പെട്ട വിവിധ തൊഴിൽ പരിശീലനങ്ങൾ നൽകിവരുന്നു.

6. ചെലവ് കുറഞ്ഞ സാങ്കേതിക വിദ്യയിൽ ഗവേഷണം നടത്തുന്നതിന് പ്രശസ്ത വാസ്തു ശില്പി പത്മശ്രീ.ലാറി ബേക്കർ അവർകളുടെ നാമധേയത്തിൽ അന്താരാഷ്ട്ര നിലവാരമുള്ള ലാറി ബേക്കർ ഇന്റർ നാഷണൽ സ്കൂൾ ഓഫ് ഹാബിറ്റാറ്റ് സ്റ്റഡീസിന് രൂപം നൽകുകയും അതിന്റെ പ്രവർത്തനം ആരംഭിക്കുകയും ചെയ്തു. ഇതിനായി തിരുവല്ലം വാഴമുട്ടത്ത് 6.9 ഏക്കർ സ്ഥലം അനുവദിക്കുകയുണ്ടായി.

7. സംസ്ഥാനത്ത് വിവിധ ജില്ലകളിലായി 14 റീജിയണൽ കേന്ദ്രങ്ങൾ വഴി പൊതുജനങ്ങൾക്ക് നിർമ്മിതിയുടെ സേവനം നൽകിവരുന്നു.

8. മൺമറഞ്ഞ് കൊണ്ടിരിക്കുന്ന പരമ്പരാഗത കെട്ടിട നിർമ്മാണ ശൈലിയെ പുനരാവിഷ്കരിക്കുന്നതിനായി പി.ടി.പി നഗറിലെ സംസ്ഥാന നിർമ്മിതി കേന്ദ്രം കാമ്പസിൽ ഒരു ഹെറിറ്റേജ് സോൺ പൊതുജനങ്ങൾക്ക് നേരിട്ട് കണ്ട് മനസ്സിലാക്കുന്നതിനായി സ്ഥാപിച്ചിട്ടുണ്ട്.

| | | |
|---|---|---|
| (ഡി) ഇതിനായി എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം? | (ഡി) | 1. സംസ്ഥാനത്ത് വിവിധ ജില്ലകളിലായി 14 റീജിയണൽ കേന്ദ്രങ്ങൾ വഴി പൊതു ജനങ്ങൾക്ക് നിർമ്മിതിയുടെ സേവനം നൽകിവരുന്നു. |

2. സിമന്റ്, കമ്പി എന്നിവ സൗജന്യ നിരക്കിൽ നൽകുന്നതിനായി നിലവിൽ 9 കേന്ദ്രങ്ങളിൽ കലവറയുടെ യൂണിറ്റുകൾ പ്രവർത്തിച്ചുവരുന്നു. 7 സ്ഥലങ്ങളിൽ കൂടി പ്രവർത്തനം ആരംഭിക്കുന്ന കാര്യം പരിശോധിച്ചു വരുന്നു.

3. കെട്ടിട നിർമ്മാണ സാമഗ്രികളുടെ ഉത്പാദനശാലകൾ 10 കേന്ദ്രങ്ങളിൽ പ്രവർത്തിച്ചുവരുന്നു.

4. നിർമ്മാണ സാമഗ്രികളുടെ ഗുണനിലവാരം പരിശോധിക്കുന്നതിനായി 5 കേന്ദ്രങ്ങളിൽ ടെസ്റ്റിംഗ് ലാബുകൾ പ്രവർത്തിക്കുന്നുണ്ട്.

5. 13 റീജിയണൽ കേന്ദ്രങ്ങൾ വഴിയും പി.ടി.പിയിലെ ഹെഡ് ആഫീസ് വഴിയും യുവതീ യുവാക്കൾക്ക് തൊഴിൽ പരിശീലനം നൽകി വരുന്നു.

സെക്ഷൻ ഓഫീസർ